Minister for Finance, Revenue and Law **(Sri. A. J. John):**
Nurses: I Grade Rs. 45—5—75.
II Grade Rs. 30—3—45.
Laboratory Assistants:
I Grade Rs. 45—5—75.
II Grade Rs. 30—3—45.

ADJOURNMENT MOTION REGARDING MALABAR SPECIAL POLICE

മിസ്റ്റർ സ്പീക്കർ: തിരുവിതാംകൂർ–കൊച്ചി അതുത്തിയിൽ മലബാർ പോലീസ് കടന്നുചെന്ന് ചില അക്രമപ്രവത്തികളും ചെയ്തതായി വിവരിച്ച് ഒരടിയന്തരപ്രമേയം ഈ സഭയിൽ കുറച്ചു ദിവസങ്ങൾക്കുമുമ്പ് അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതു് വാദപ്രതിവാദത്തിനു് എടുക്കത്തക്കതു് തന്നെയൊ എന്നു് തീരുമാനിക്കുന്നതിനു മുമ്പു് അതിനെപ്പറ്റിയുള്ള വിവരങ്ങൾ മുഴുവനും കിട്ടേണ്ടിയിരുന്നു. അതിലേക്കു് മദ്രാസു് ഗവൺമെൻറുമായിട്ടു് എഴുത്തുകുത്തു് നടത്തുന്നതാണെന്നു പറഞ്ഞതുപോലെ നടത്തി വേണ്ട വിവരങ്ങൾ അറിഞ്ഞിരിക്കുമെന്നു വിചാരിക്കുന്നു.

ചീഫ്മിനിസ്റ്റർ ശ്രീ. സി. കേശവൻ: സർ, ഈ കാര്യത്തെപ്പറ്റി മദ്രാസു് ഗവൺമെൻറുമായിട്ടു് എഴുത്തുകുത്തു നടത്തിയതിനും പുറമെ കമ്പിസന്ദേശം അയച്ചിട്ടുണ്ടായിരുന്നു. അതിൻെറ ഫലമായി മദ്രാസു് ഗവൺമെൻറു് മലബാർ ഡിസ്ട്രിക്ടു് കലക്ടർക്കു് എഴുതി ചോദിക്കയും ഡിസ്ട്രിക്ടു് കലക്ടർ അതിന്മേലുള്ള വിശദവിവരങ്ങൾ മദ്രാസു് ഗവൺമെൻറിനു് അയച്ചുകൊടുത്തിട്ടില്ലെന്നും, അയച്ചുകൊടുത്താൽ ഉടൻ മദ്രാസു് ഗവൺമെൻറു് വിവരം അറിയിക്കാമെന്നു പറഞ്ഞിട്ടുമുണ്ടു്.

Mr. Speaker: Is the letter available for reference?

Sri. C. Kesavan: No, I have not got the letter.

Sri. Chidambaranatha Nadar: Sir, will the Kattur village people be asked to collect an army and wage a war there?

Sri. C. Kesavan: There is no question of collecting an army for waging war in this matter.

Mr. Speaker: I shall read the communication received form the Government of Madras. "Reference your H4 7951/51 CS. dated 20th regarding raiding of Kattoor by M. S. P. Madras Government; awaiting report from Collector, Malabar. Detailed report will follow."

Sri. C. Kesavan: That report has not been received.

മിസ്റ്റർ സ്പീക്കർ: ഈ കാര്യത്തിൻെറ മുഴുവൻ വിവരങ്ങളും മദ്രാസ് ഗവൺമെൻറിൽനിന്നും കിട്ടാതെ ഇവയെസംബന്ധിച്ചു് വാദപ്രതിവാദം നടത്തുന്നതു് ശരിയായിരിക്കുകയില്ല. വാദപ്രതിവാദം നടത്തണ്ടായെന്നു് എനിക്കഭിപ്രായമില്ല. ഏതായാലും മദ്രാസ് ഗവൺമെൻറിൻെറ മറുപടിക്കുശേഷം ആലോചിച്ചു പ്രവത്തിക്കാം.

Their further report is awaited.

Dr. M. O. Cheriyan: Regarding this adjournment motion, has this Government called forth any report from the Collector of Trichur?

ശ്രീ. സി. കേശവൻ: ഇതേ റിപ്പോർട്ടാണു്.

Mr. Speaker: The Government of Madras has been addressed in this matter for detailed information in regard to the incidents alleged and the high-handedness

LIBRARY ARCHIVES Kerala Legislative Assembly

of the Police in general. Consideration of this matter may be resumed after receipt of the information asked for.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: സർ, തിരുവിതാംകൂർ കൊച്ചിയുടെ അതുത്തിപ്രദേശത്തു് മലബാർ പോലീസ് കൈകടത്തിയിട്ടുള്ള അക്രമങ്ങളെപ്പറ്റി നേരിട്ടു് ഒരു അന്വേഷണം നടത്തി അതിന്മേൽ കേസെടുക്കുന്നതിനു് ഈ ഗവണ്മെൻറിനു് അധികാരമില്ലെന്നാണോ? വിശേഷിച്ചും ഇവിടെയുള്ള കറപ്പേരെ അവർ അറസ്റ്റ് ചെയ്തു കൊണ്ടുപോയിരിക്കയും ചെയ്തിരിക്കുന്നു.

മിസ്റ്റർ സ്പീക്കർ: ഈ കേസിനെപ്പറ്റി ഇതുവരെയുണ്ടായിട്ടുള്ള ഈ ഗവണ്മെൻറിന്റെ നടപടികൾ എന്തെല്ലാമാണെന്നു് സഭയെ അറിയിച്ചുകഴിഞ്ഞു. കേസിന്റെ വിശദവിവരങ്ങളിൽ പ്രവേശിക്കുന്നതിനു് ഈ ഗവണ്മെൻറിനു് അധികാരമുണ്ടെന്നു തോന്നുന്നില്ല. ഏതായാലും ആവശ്യപ്പെട്ടിരിക്കുന്ന അറിവുകൾ ലഭിക്കുന്നതിനുമുമ്പു ഈ വിഷയത്തെ സംബന്ധിച്ചു വാദപ്രതിവാദം തുടരണമെന്നില്ല.

EXTENSION OF SITTING FOR OFFICIAL LEGISLATIVE BUSINESS

മിസ്റ്റർ സ്പീക്കർ: ഞാൻ ഇന്നലെ ഈ സഭയിൽ സൂചിപ്പിച്ചിരുന്നതുപോലെ ഒഫീഷ്യൽ ലജിസ്ലേറ്റീവ് ബിസിനസ്സിനുവേണ്ടി ഈ സഭ നാളെയും കൂടുന്നതാണു്.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST

Mr. Speaker: Now we will proceed to resolutions on matters of general public interest.

ശ്രീ. ഉദയഭാനു ഹാജരാക്കീട്ടുള്ള പ്രമേയമാണു് ആദ്യമായി ചർച്ചയ്ക്കു് എടുക്കുവാനുള്ളതു്.

Family Planning Work

"This House resolves that Government should render all help and assistance in Family Planning Work."

ഈ പ്രമേയം അവതരിപ്പിക്കണമെന്നു് ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യാം.

ശ്രീ. എ. പി. ഉദയഭാനു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു.

സർ, ഞാൻ ഈ സഭയുടെ സവിശേഷശ്രദ്ധക്കു് വിഷയമാക്കണമെന്നു് വിചാരിക്കുന്ന പ്രമേയം ഇതാണു്.

"This House resolves that the Government should render all help and assistance in Family Planning Work."

സർ, കുടുംബസംവിധാനം ചെയ്യുന്ന വിഷയത്തിൽ പൊതുജനങ്ങൾക്കു ഗവണ്മെൻറു്, സഹായസഹകരണങ്ങളും ചെയ്തുകൊടുക്കേണ്ടതാണു് എന്ന ആവശ്യപ്പെടുന്ന ഒരു പ്രമേയമാണു് ഞാൻ ഈ സഭയുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഞാൻ ഈ വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള തത്വങ്ങളെ സംബന്ധിച്ചു് ലഘുതത്ത്വോപദേശങ്ങൾ കൈകാര്യം ചെയ്യണമെന്നു് ആഗ്രഹിക്കുന്നില്ല. ഈ പ്രമേയം അതർഹിക്കുന്ന ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യണമെന്നാണു് എനിക്കു സഭയോടു് അഭ്യർത്ഥിക്കാനുള്ളതു്. ആ അപേക്ഷയോടുകൂടെയാണു് ഈ പ്രമേയം സഭയുടെ ശ്രദ്ധക്കു് വിഷയീഭവിപ്പിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly